(ബി) മണിയാർ ഡാം ഉറക്കുന്നതിനാൽ വേനൽക്കാലത്തും ജലനിരപ്പ് കുറയാത്തതും, കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളും കാരണം നിർമ്മാണം മന്ദഗതിയിലായിരുന്നു. എന്നാൽ ഇപ്പോൾ പണികൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) പേരൂർച്ചാൽ പാലത്തിന്റെ പണികൾ ഉടനെ പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷ. പേങ്ങാട്ടുകടവ് പാലത്തിന്റെ പണികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

പൊതുമരാമത്ത് പണികൾ

242(1311) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽസ്റ്റേഷൻ, വെച്ചൂച്ചിറ പോളിടെക്നിക് കെട്ടിടം, താലൂക്ക് ആശുപത്രി കെട്ടിടം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഇവ ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കെട്ടിടത്തിനും നിർമ്മാണത്തിനിടയിലുണ്ടായ തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഓരോ പ്രവർത്തികളും എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് പറയാമോ?

ഉത്തരം

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ :

റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽ സ്റ്റേഷന് 6,33,05,997 രൂപ ഒന്നാം ഘട്ടമായി ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) വെച്ചൂച്ചിറ പോളിടെക്നിക് പ്രധാന കെട്ടിടം :

വെച്ചൂച്ചിറ പോളിടെക്നിക്കിനുവേണ്ടിയുള്ള പ്രധാന കെട്ടിടത്തിന്റെ സ്ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. തുടർന്ന് കരാറുകാരന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആൺ-പെൺ കുട്ടികളുടെ ഹോസ്റ്റൽ :

വെച്ചൂച്ചിറ പോളിടെക്നിക്കിലെ ആൺ-പെൺകുട്ടികളുടെ ഹോസ്റ്റലിന് 6,67,39,447 രൂപയാണ് ചെലവഴിക്കുന്നത്. പെൺകുട്ടികളുടെ ഹോസ്റ്റൽ (കേന്ദ്ര സഹായം) പദ്ധതിക്ക് 1,23,00,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി പല തവണ ടെണ്ടർ ചെയ്തിട്ടും പ്രതികരണമൊന്നുമില്ലാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആയതിനും പ്രതികരണമൊന്നും ലഭ്യമായിട്ടില്ല.

റാന്നി താലൂക്ക് ആശുപത്രി :

റാന്നി താലൂക്ക് ആശുപത്രി ഒ.പി. സർജിക്കൽ ബ്ലോക്കിനുവേണ്ടി 4,91,86,199 രൂപയാണ് ചെലവഴിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ലിഫ്റ്റിന്റെ പണി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്.

പൊതുജന സമ്പർക്ക പരിപാടി

243(1312) ശ്രീ. ജെയിംസ് മാത്യു .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നു എന്നറിയിക്കാമോ;

(ബി) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ അവയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ, ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) പ്രഖ്യാപിക്കപ്പെട്ട പദ്ധതിയിൽ ഇനിയും നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തവയായി എത്ര പദ്ധതികൾ ഉണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. തൊണ്ടയാട്, രാമനാട്ടുകര ഫ്ലൈ ഓവർ നിർമ്മാണം.
2. പുതിയതെരു ഫ്ലൈ ഓവർ നിർമ്മാണം
3. മേലെ ചൊവ്വ ഫ്ലൈ ഓവർ നിർമ്മാണം
4. താഴെ ചൊവ്വ ഫ്ലൈ ഓവർ നിർമ്മാണം
5. നടാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly